**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108** **06-07-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ ആരോഗ്യവകുപ്പിനുകീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും ഇവയെല്ലാം പ്രവർത്തന സജ്ജമാണോയെന്നും വിശദമാക്കാമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ ആരോഗ്യ വകുപ്പിനു കീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പട്ടിക **അനുബന്ധമായി** ചേർക്കുന്നു. ടി ഉപകേന്ദ്രങ്ങളിൽ ആലപ്പാട്, പണ്ടാരത്തുരുത്ത്, വലിയകുളങ്ങര, ചങ്ങൻകുളങ്ങര, ആദിനാട് സൗത്ത്, കോട്ടയ്ക്കപുറം, കറുങ്ങാപ്പള്ളി, കറുങ്ങാപ്പള്ളി വെസ്റ്റ്, കടത്തൂർ, ആദിനാട് നോർത്ത് എന്നിവ പ്രവർത്തനസജ്ജമല്ല. |
| (ബി) | പ്രവർത്തന സജ്ജമല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | പഞ്ചായത്തിൽ നിന്നും അൺഫിറ്റ് സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചങ്ങൻകുളങ്ങര സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദിനാട് സൗത്ത്, കോട്ടയ്ക്കപുറം, കറുങ്ങാപ്പള്ളി, കറുങ്ങാപ്പള്ളി വെസ്റ്റ്, കടത്തൂർ, ആദിനാട് നോർത്ത് എന്നീ സബ് സെന്ററുകളിൽ ജീവനക്കാരുടെയും, ഗുണഭോക്താക്കളുടെയും, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.<br><br>ആലപ്പാട് സബ് സെന്ററിന് സ്വന്തമായി കെട്ടിടമില്ല. പണ്ടാരത്തുരുത്ത് സബ് സെന്ററിന്റെ പുതിയ കെട്ടിട നിർമ്മാണം നടന്നു വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്നും ഇവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികളുണ്ടോയെന്നും വിശദമാക്കാമോ? | (സി) | ഉണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ആലപ്പാട്, പണ്ടാരത്തുരുത്ത് (കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു), തോടിനുവടക്ക്, കുളങ്ങരഭാഗം, തോട്ടത്തിൽമുക്ക്, ക്ലാപ്പന, മേമന, വയനകം, കോട്ടയ്ക്കപുറം, കറുങ്ങാപ്പള്ളി, കടത്തൂർ, കറുങ്ങാവ് വെസ്റ്റ്, ആദിനാട് നോർത്ത്, തൊടിയൂർ, പി.വി.സൗത്ത്, പി.വി. നോർത്ത്, മുഴങ്ങാടി.<br><br>ചങ്ങാരത്തുരുത്ത് സബ് സെന്ററിനൊഴികെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ